

# ജാലകം

## എം . ജി . എം . ഗവ . എച്ച് . എസ് . എസ് .

## നായത്തോട്



## സന്ദേശം

വിവര സാങ്കേതിക വിദ്യ നമ്മുടെ ജീവിതത്തിൽ ഒരു അവിഭാജ്യഘടകമായി മാറിക്കഴി ഞ്ഞിരിക്കുകയാണല്ലോ. കമ്പ്യൂട്ടർ പഠനത്തിനും അതുകൊണ്ട് തന്നെ പ്രധന ഏറിവരിതയാണ് പൊതുവിദ്യാലയങ്ങൾ എല്ലാം തന്നെ ഹൈടെക്ക് ആയി മാറുക്കൊണ്ടിരിക്കുന്നു

വിവരസാങ്കേതികവിദ്യായുടെ പുതിയ തലങ്ങളിലേക്ക് പരന്നുയരുന്ന വിദ്യാർത്ഥികളുടെ

സർഗ്ഗവാസനകൾ ഡിജിറ്റിലൈസ് ചെയ്യുവരികയ്ണ്. അതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് അംഗങ്ങളുടെ ഡിജിറ്റൽ മാഗസിൻ

എല്ലാ ഭാവുകങ്ങളും നേരുന്നു

ആശംസകളോടെ

മണികണ്ഠൻ K P K

ഹെഡ്മാസ്റ്റർ

# ആമുഖം

*കാലത്തിന്റെ കുത്തൊഴുക്കിൽ ഒരു  അധ്യായനവർഷം കൂടി കടന്നു പോകുന്നു. മാനവ സമൂഹം ദിനം പ്രതി വളർച്ചയുടെ പാതയിലാണ്. വിജ്ഞാനം നിരൽ തുമ്പിലേയ്ക്ക് എത്തിയിരിക്കുന്ന സന്ദർഭത്തിൽ വിവരസാങ്കേതികവിദ്യ ലോകത്തെ എത്രമാത്രം സ്വാധീന വലയത്തിലാക്കി എന്നത് അഭിനന്ദാർഹമാണ്.*

*അതിനാൽ വിവരസാങ്കേതിക വിദ്യയിലേക്ക് ഒരു ചവിട്ടുപടിയായി ഞങ്ങളുടെ സ്വതന്ത്രാവിഷ്കാരത്തിന്റെ സർഗരചനകളെ ഡിജിറ്റൽ ജാലകത്തിലൂടെ  ഇവിടെ നിങ്ങൾക്കായി സമർപ്പിക്കുന്നു.*

*കല്ല്യാണി ടി എസ്*

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ - ഫഹ്മിത പി എ

സബ്എഡിറ്റർ - കല്ല്യാണി ടി എസ്

അംഗങ്ങൾ - നന്ദന രാമചന്ദ്രൻ

- ഭവദാസ് പി ഉണ്ണികൃഷ്ണൻ
- ജീമോൾ ജോർജ്ജ്
- സാവിയോ സറ്റീവി
- വിഷ്ണു വിജയൻ
- അനന്ത കൃഷ്ണൻ കെ എ

# ഇതളുകൾ മറിയുമ്പോൾ


| | |
|---|---|
| ജീവിതയാത്ര | -കവിത |
| ഞാൻ കണ്ട പ്രതിഭ | – അനുഭവക്കുറിപ്പ് |
| അമ്മയെന്ന ദൈവം | - കഥ |
| വിജ്ഞ്ഞാന കൗതുകം | - ശാസ്ത്രം |
| ഹിരോഷിമ നാഗസാക്കി | - ഓർമ്മക്കുറിപ്പ് |
| **My parents** | **– Diary** |
| നന്മപൊഴിയുന്നനിലാവഴി | - കവിത |
| പഴഞ്ചൊല്ലുകൾ | |
| നന്മ തൻ ജീവിത പാത | – കവിത |
| വരകൾ വർണ്ണങ്ങൾ | |

# ജീവിത യാത്ര

യാത്ര നിതാന്തയാത്ര
ഏകാന്തതയിൽ കൂട്ടിനു വേദനകൾ
നീട്ടിയ കൈകളിലഭയം...
വീണ്ടും ചേക്കേറി മോഹങ്ങൾ
തുടരുന്നു ....... യാത്ര
പ്രതീക്ഷകളിലൂടെ....

അദിൻ പി എ

# ഞാൻ കണ്ട പ്രതിഭ

വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് ആസ്വാദകഹൃദയത്തിലിടം നേടിയ നായത്തോടിന്റെ അഭിമാനപുത്രി മായാബാലകൃഷ്ണനെ പ്രതിഭക്കൊപ്പം എന്ന പരിപാടിയിലൂടെ പരിചയപ്പെടാൻ കഴിഞ്ഞു. ഞങ്ങൾ 15 വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം സ്കൂളിനടുത്തുള്ള വീട്ടിൽ എത്തി. 4 ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടേണ്ടി വന്നെങ്കിലും ജനഹൃദയത്തെ കൈയ്യിലെടുത്ത ചരിത്രം ഞങ്ങളെ അതിശയിപ്പിച്ചു. ഒരു മടിയുമില്ലാതെ തന്റെ ജീവിതവഴികൾ വിവരിച്ച് തന്ന അവർ എന്റെ മുന്നിൽ ഒരു അജയ്യ പ്രതിഭയാണ്. നിസ്സാര പ്രശ്നങ്ങളിൽ തളർന്ന് പോകുന്ന ഓരോരുത്തർക്കും അവരുടെ മനോധൈര്യം ഒരു മാതൃകയാണ്. വീട്ടുകാരുടെ പിന്തുണയോടെ അവർ അവരുടെ വെല്ലുവിളികളെ പിന്നിലാക്കി കുതിച്ചുപാഞ്ഞു. പത്താം ക്ലാസിൽ പിടിപ്പെട്ട മാറാവ്യാധി കുറച്ചുനാളുകൾക്കുള്ളിൽ തന്നെ ഭാഗികമായി ശരീരത്തിന്റെ ചലനശേഷി കവർന്നെടുത്തു. കോളേജ് ജീവിതം നയിക്കാൻ കഴിഞ്ഞില്ലെങ്കിലും സഹപാഠിയുടെ സഹായത്തോടെ മായ കോളേജ് ജീവിതം ആസ്വദിച്ചു. സാമൂഹ്യമാധ്യമങ്ങളെ പാടെ തിന്മയുടെ ഭാഗത്തെക്കായി തള്ളുമ്പോൾ അതിൽ നന്മയുണ്ടെന്ന ഒരു വലിയ പാഠം കൂടി അവർ ഞങ്ങൾക്കായി പകർന്നുനൽ കി.

ജീവിതത്തിൽ ഒരു ചെറിയ പ്രശ്നങ്ങളിൽ പോലും തളർന്നുപോകുന്ന പുതുതലമുറയ്ക്ക് പ്രതിബന്ധങ്ങളെ അതിജീവിക്കാനുള്ള കരുത്തും പ്രോത്സാഹനവും മായ ബാലകൃഷ്ണൻ തന്റെ വാക്കുകളിലൂടെ പകർന്നു നൽകി. മായയുടെ ആദ്യ കവിതാസമാഹാരമാണ് തുടിക്കൊട്ട്. സാഹിത്യത്തിൽ മാത്രമല്ല ചിത്രരചനയിലും മായാ ബാലകൃഷ്ണൻ തന്റെ കൈവിരുത് തെളിയിച്ചിട്ടുണ്ട്. ഒരു യഥാർത്ഥ പ്രതിഭയോടൊപ്പം ചിലവിട്ട നിമിഷങ്ങൾ എന്നും ഓർമ്മയിൽ സൂക്ഷിക്കാനുതകുന്നതായിരുന്നു.

ഫഹ്മിത പി. എ

# വിജ്ഞാന കൗതുകം

## നദികളില്ലാത്ത രാജ്യം

സൗദി അറേബ്യയെന്ന രാജ്യത്തിന്റെ വലിപ്പമെത്രയാണോ ? 830000 സ്ക്വയർ മൈൽ!

പക്ഷെ അവിടെ ഒരൊറ്റ നദി പോലും ഇല്ല .

## മുട്ടയുടെ വലിപ്പം

ഒരു പക്ഷിയുടെ എല്ലാ മുട്ടയും ഒരേ വലിപ്പമാണോ ?

അല്ല . പത്താമത്തെ മുട്ടയ്ക്ക് വലിപ്പം കൂടുതലായിരിക്കുമത്രെ.

## മഹാകവി

മഹാകവിയായി അംഗീകരിക്കപ്പെട്ടതിന് ശേഷം വില്ല്യം വേർഡ് വർത്ത് ഒരു വരിപോലും കവിത എഴുതിയിട്ടില്ല .

## മനുഷ്യന്റെ കണ്ണുകൾ

മനുഷ്യന്റെ കണ്ണുകൾക്ക് 17000 തരം വർണ്ണങ്ങൾ തിരിച്ചറിയാനുള്ള കഴിവുണ്ട്.

ബിജ്വൽ ബിജു

# <u>അമ്മയെന്ന ദൈവം</u>

***ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട വീട്ടിൽ ഒരു അമ്മയും കുഞ്ഞും താമസിച്ചിരുന്നു. അന്നാട്ടിൽ എപ്പോഴും യുദ്ധമായിരുന്നു.ആളുകൾ വീട്ടാവശ്യത്തിനായി സാധനങ്ങൾ വാങ്ങുവാൻ പൊന്തകാട്ടിനുള്ളിലെ പുല്ല്കളിൽ ഒളിച്ചായിരുന്നു പോവുക.പക്ഷെ ആ പാവപ്പെട്ട വീട്ടിൽ സാധനങ്ങൾ വാങ്ങുവാൻ പൈസ ഉണ്ടായിരുന്നില്ല.അവർ ചില ദിവസങ്ങളിൽ പട്ടിണിയായിരുന്നു. അങ്ങനെയിരിക്കെ അമ്മ കുഞ്ഞിനോട് പറഞ്ഞു " മോളെ ഞാൻ ഉറങ്ങാൻ പോവുകയാ വീട് വിട്ട് പുറത്ത് പോകരുത്" പുറത്ത് യുദ്ധം നടക്കുകയാണ്. കുഞ്ഞ് പറഞ്ഞു " ശരി അമ്മേ" പക്ഷെ അവൾക്ക് മോഹം തോന്നി പുറത്ത് പോയി ചുറ്റിവരാൻ . അവളുടെ മോഹം കൊണ്ട് പെട്ടന്ന് ശബ്ദം കേട്ടിടത്തേക്ക് തിരുഞ്ഞ്നോക്കി" യുദ്ധക്കാർ….." അവൾ പേടിച്ച് വിറച്ച് ഉറക്കെ കരഞ്ഞു. ഈ ശബ്ദം കേട്ട് അമ്മ ഉണർന്നു. അമ്മ വാതിൽ തുറന്ന്പുറത്തിറങ്ങി."യുദ്ധക്കാരെ, എന്റെ മോളെ കൊല്ലരുത്, വേണമെങ്കിൽ എന്നെ കൊന്നോളൂ". യുദ്ധക്കാർ അമ്മയെ കൊന്നു. കുഞ്ഞ് തേങ്ങി തേങ്ങി കരഞ്ഞു. "ഞാൻ അമ്മ പറഞ്ഞത് അനുസരിക്കാത്തതു തൊണ്ടല്ലേ എനിക്ക് എന്റെ അമ്മയെ നഷ്ടമായത്.***

<u>ഗുണപാഠം</u>

***മുതിർന്നവർ പറയുന്നത് അനുസരിച്ചില്ലെങ്കിൽ ജീവിതത്തിൽ വലിയ നഷ്ടമുണ്ടാകും.***

***ഫിദ ജോർജ് ജോസഫ്***

# നമ്മപൊഴിയുന്ന നിലാവഴി

നമ്മപൊഴിയുന്ന നിലാവഴിയിലൂടെ
നിൻമാറിൽ കടന്നു പോകുന്നു
എൻ സൗഹൃദവും എന്റെ സുഹൃത്തുക്കളും
നമ്മപൊഴിയുന്ന നിലാവഴിയിലൂടെ
കടന്നു പോകുന്നു

നിൻ മാറിൽ ഒരു കിനാവായി വരുന്നെൻ
മനസ്സിൽ പൊഴിയുന്നെരാവെളിച്ച-
മെൻ മാറിൽ കടന്നുവരുന്നു.

രാവിൽ മുറ്റത്ത് മുത്തുകൾ
നിറഞ്ഞുകിടക്കുന്നു പക്ഷേ,
കടന്നു പോകുന്നു.

പക്ഷേ എൻ മനസ്സിലെ
മുത്തശ്ശിയോടൊപ്പം കളിച്ചും
ചിരിച്ചും കഥ പറഞ്ഞും
ഒരോർമ്മയായി മാറുന്നതു
പോലെ എന്റെയീവഴികൾ
രാവിൻ വെളിച്ചം പോലെ!

ഗോപിക മധു

# MY PARENTS

***My parents !  Which is a gift for me. Like a candle. Always consumes theirself and light the way to me. My parents..... My first school- My first playground everything. They do everything to me. The two of them who always help me out from the trouble, always protect me, always fight for my problems and issues. They leads me to a good future. They understand my mistakes and correct it. The only person who give me the strength for my lifelong days. They inspirates me. It's my parents who taught me the solution when I am depressed. They are the gifted persons to all childrens.***

***They love us, care us. In my life is there any sucess, the reason is my parents. Their valuable word makes me a powerful person. If any one ask me a Question?.. that who you love's more? I have a one and only answer.***

***...............That's My Parents......................***

***They are the best for me in the earth.***

***They are the kindest gift***

***THAT WE ALL KNOW...........***

***Bhavadas p unnikrishnan....***

# *ഹിരോഷിമ നാഗസാക്കി ഒരോർമ്മക്കുറിപ്പ്*

ആണവാക്രമണം നിഷ്കളങ്കരായ ജനതയ്ക്കുമേൽ സാമ്രാജ്യത്വം ചൊരിഞ്ഞ കൊടുംഭീകരത .ഹിരോഷിമ – നാഗസാക്കി ദിനം മാനവരാശിക്ക് ഒരിക്കലും മറക്കുവാൻ ആവാത്ത ഒരുദിവസമാണ് . ലോകത്താദ്യമായിയുള്ള ആറ്റംബോംബ് പ്രയോഗം മാനവരാശിയെയാകമാനം ഞെട്ടിച്ചു കളഞ്ഞു. ആറ്റംബോംബ് തകർത്തെറിഞ്ഞത് ലക്ഷങ്ങളുടെ ജീവനാണ്. ഇന്നേയ്ക്ക് 74 വർഷം പിന്നിടുമ്പോഴും ആറ്റംബോംബ് വർഷിച്ചതിന്റെ തീവ്രതയും ദൈന്യതയും കുറയുന്നില്ല. എന്നുള്ള റിപ്പോർട്ടുകൾ വരുന്നുണ്ട് . രണ്ടാം ലോകമഹായുദ്ധകാലത്ത് 1945 ആഗസ്ററിന് ജപ്പാനെ
പരാജയപ്പെടുത്താൻ അമേരിക്കയുടെ അവസാനത്തെ
മാർഗമാണ് ആണവാക്രമണം . ജപ്പാനിലെ പട്ടണമായ ഹിരോഷിമയിൽ സ്ത്രീകളും കുട്ടികളും അടക്കം70000 ത്തിലതികം പേർ തൽക്ഷണം കൊല്ലപ്പെട്ടു.
പച്ച മാംസം കരിഞ്ഞതിന്റെ മനം മടുപ്പിക്കുന്ന രൂക്ഷഗന്ധം അന്തരീക്ഷത്തിൽ നിറഞ്ഞു. രണ്ടുലക്ഷത്തിൽ അധികം പേർ ആണവ വികിരണത്തിന്റെ ഫലമായി ജനിതക വൈകല്യമുള്ളവരായി തീർന്നു. മാറാരോഗങ്ങൾ ഇന്നും ആയിരങ്ങളെ വേട്ടയാചുന്നു. ഹിരോഷിമ ദുരന്തത്തിന്റെ 3-ാം ദിവസം തന്നെ അമേരിക്ക നാഗസാക്കിയെയും തകർത്തെറിഞ്ഞു. അമേരിക്കൻ യുദ്ധ വിമാനങ്ങൾ നാഗസാക്കിയിലേക്ക് ബോംബർ വിമാനങ്ങൾ നാഗസാക്കിയിലേക്ക് പാഞ്ഞെത്തിയത് 40000 ത്തിലധികം പേരുടെ ജീവനെടുക്കുവാനാണ് . ലോകം വിറങ്ങലിച്ച ദിവസമായിരുന്നു അന്ന് .
യുദ്ധം മരണമാണ്. സമാധാനം ജീവിതമാണ്. ഇന്ന് സാമ്രാജ്യത്തിന്റെ മറവിൽ പണകൊഴുപ്പിന്റെ അഹങ്കാരത്തിൽ അമേരിക്കയുടെ എല്ലാവിധത്തിലുമുള്ള അധികാരത്തെയും ലോക ജനതയ്ക്ക് മുമ്പിൽ തുറന്നുകാട്ടുവാൻ തയാറാക്കണം . ലോകരാജ്യങ്ങളൊക്കെ ആണവശക്തിയാവാൻ മത്സരിക്കുന്ന ഈ കാലത്ത് യുദ്ധങ്ങൾക്കും തീ മഴകൾക്കുമെതിരെ ഇന്നത്തെ തലമുറ ശക്തിയായി പ്രതികരിക്കണം. ഇനിയൊരു യുദ്ധം വേണ്ടെയെന്ന് ഓരോ ഭരണാധികാരികൾക്കും പ്രതിജ്ഞയെടുക്കാൻ കഴിയണം. യുദ്ധങ്ങൾക്കും കലാപങ്ങൾക്കും മതഭീകരതയ്ക്കും വർ

**ഗീയതക്കും എതിരായി ജനങ്ങലെ അണിനിരത്താൻ ഓരോ മനുഷ്യരും ചിന്തിക്കണം. കൂടാതെ സമാധാനം നിലനിർത്താനുള്ള പരിശ്രമങ്ങൾക്ക് എല്ലാവരും ഒന്നിക്കണം**

**അലീന ആന്റണി**

# ഭക്ഷണത്തെ പ്രതിപാദിക്കുന്ന പഴഞ്ചൊല്ലുകൾ

.അന്നം ഔഷധമാണ്

.അത്താഴം അത്തിപ്പഴത്തോളം

.അന്നബലം പ്രാണബലം

.വിളയും പയർ മുളയിലേ അറിയാം

.അഴകുള്ള ചക്കയിൽ ചുളയില്ല

.അത്താഴം ഉണ്ടാൽ അരക്കാതം നടക്കണം

.ഉപ്പോളം വരുമോ ഉപ്പിലിട്ടത്

.അന്നവിചാരം, മുന്നവിചാരം, പിന്നെവി-
ചാരം കാര്യവിചാരം

.ആറിയ കഞ്ഞി പഴങ്കഞ്ഞി

.ചക്കയോളം കൊത്തിയാലേ ഉലക്കയോളം കാതൽ കിട്ടൂ

.പാൽപ്പായസം കുടിച്ചവനു പനക്കടി എന്തിനാ

.മാങ്ങ പഴുത്താൽ താനേ വീഴും


സാവിയോ ഡെന്നി

## നമ്മതൻ ജീവിതപ്പാത

ഭൂമുഖം കാണുന്നനേരത്തു തൊട്ടെൻ
മുൻപിൽ ഒരു നടപ്പാത മാത്രം
എൻലോകത്തിനപ്പുറം മറ്റൊരു ലോകവും
ആ പാത എന്നിൽ നിറച്ചു
ഉൺമയുൺമയായി കാണുന്ന പാത
സ്നേഹനീരിട്ടുറപ്പിച്ച പാത
കാലം കറങ്ങുന്ന കാലത്തുപോലും
ആ പാതയെന്നും നയിച്ചു
ആദിത്യരശ്മിപോൽ പ്രകാശം
പരത്തുമീപാതയാണെൻ വെളിച്ചം
ജീവിതയാത്രയിൽ പ്രത്യാശയൂട്ടുമീ
പാതയില്ലാതെ നാം ശൂന്യം
നന്മയിലൂന്നി കിടക്കുമോ പാത-
യാണെൻ അമ്മതൻജീവിതപ്പാത

കല്ല്യാണി.ടി.എസ്

# വരകൾ വർണ്ണങ്ങൾ





















# നന്ദി

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ " ജാലകം " ഡിജിറ്റൽ മാഗസിനു വേണ്ടി പ്രവർത്തിച്ച എല്ലാ സഹപാഠികൾക്കും കൈറ്റ് മിസ്ട്രസ് സുമ ടീച്ചറിനും, അനിത ടീച്ചറിനും, മറ്റെല്ലാ അദ്ധ്യാപകർക്കും നന്ദി പറയുന്നു.

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്

**2019-2021**